പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*366

17.12.2014 -ലെ മറുപടിയ്ക്ക്

ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം & പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ജനനി അഫോഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കുറഞ്ഞ വരുമാനമുള്ള ജീവനക്കാർക്കും തൊഴിലാളികൾക്കും അവരുടെ വരുമാനത്തിന് അനുയോജ്യമായ കുറഞ്ഞ നിർമ്മാണ ചിലവുള്ള വാസസ്ഥലം (ഫ്ളാറ്റ്) ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ജനനി.ഗവൺമെന്റിന്റെ സ്ഥലത്തോ, പബ്ലിക് പ്രൈവറ്റ് പാർട്ണർ ഷിപ്പിൽ ബി.ഒ.റ്റി (BOT) വ്യവസ്ഥയിലോ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിരിക്കുന്നത്. സർക്കാരിന്റെ 22.03.2013 തീയതിയിലെ ജി.ഒ(എം.എസ്) നം.35/2013/തൊഴിൽ ഉത്തരവ് പ്രകാരം 1956 ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 25 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' എന്ന കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (ബി) (see (എ)) |

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ ;

(സി) 2 ബെഡ് റൂം ഉള്ള 700 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഫ്ളാറ്റ് ഒരു തൊഴിലാളി കുടുംബത്തിന് ലഭ്യമാക്കുന്ന പദ്ധതിയാണിത്. അതിന് ഏകദേശം 12.5 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഓരോ ഫ്ളാറ്റിനും ഒരു ലക്ഷം രൂപ ഗ്രാന്റും ബാക്കിതുക 5% പലിശയ്ക്കും വായ്പയായും നൽകുന്ന 10 വർഷംകൊണ്ട് തുല്യ ഗഡുക്കളായി ഗുണഭോക്താവ് തിരിച്ചടയ്ക്കേണ്ടതാണ്. വാഹനപാർക്കിംഗ്, മഴവെള്ള സംഭരണം, കുട്ടികൾക്കുള്ള കളിസ്ഥലം, വിനോദ സൗകര്യങ്ങൾ, വേയിസ്റ്റ് മാനേജ്മെന്റ് എന്നിവയെല്ലാം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്.

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) Kerala State Housing Board (KSHB) ൽ നിന്നും അവരുടെ ആക്കുളത്തുള്ള (തിരുവനന്തപുരം ജില്ല) രണ്ട് ഏക്കർ സ്ഥലം ജനനി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് കൈമാറുന്നതിന് 27.10.2014 ന് തീരുമാനിച്ചിട്ടുണ്ട് ജനനി പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 2013-14 ൽ 20 കോടി രൂപയും, 2014-15 ൽ 5 കോടി രൂപയും അനുവദിച്ചിട്ടുള്ളതാണ്.

(signature)

സെക്ഷൻ ഓഫീസർ